ലക്കം 1

2024 ആഗസ്റ്റ് 5

# അക്ഷരം

രാമവിലാസം എച്ച് എസ് എസ് , ചൊക്ലി

* ലിറ്റിൽ കൈറ്റ്സ് രാമവിലാസം മുഖ പത്രം * * ' അക്ഷരം ' * * ലക്കം - 1 * * രാമവിലാസം എച്ച് എച്ച് എസ് - ചൊക്ലി *

## ദുരന്തം പെയ്തിറങ്ങിയ മണ്ണിൽ



# സാന്ത്വനസ്പർശവുമായി കേരളമൊന്നാകെ



സ്നേഹിക്കാൻ മാത്രമറിയുന്ന നിഷ്കളങ്കരായ ആളുകളുടെ സ്വർഗമായിരുന്ന സുന്ദര ഗ്രാമത്തിലേക്ക് ഒരു സൂചനയുമില്ലാതെ മരണമായി പെയ്തിറങ്ങിയ പ്രകൃതിയുടെ ക്രൗര്യം കേരളത്തിന്റെയാകെ ദുഃഖമായി . ചൊവ്വ രാവ് പുലർന്നത് രണ്ടു ദേശങ്ങൾ ഒലിച്ചുപോയ കരളലിയിക്കുന്ന ദൃശ്യങ്ങളിലേക്കായിരുന്നു . മുണ്ടക്കൈയും ചൂരൽ മലയും . മനോഹരമായ കുന്നിലെ കുറെ വീടുകളെ മണ്ണും പാറകളും ചേർന്ന് അതിലുറങ്ങിയ മനുഷ്യർക്കൊപ്പം ഒഴുക്കിക്കളഞ്ഞു .

"അവനിവനെന്നറിയുന്നതൊക്കെയോർത്താൽ
അവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം" - ശ്രീനാരായണഗുരു

വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലും ഉരുൾപൊട്ടലിൽ മുന്നൂറ്റിനാൽപ്പതോളം ജീവനുകൾ നഷ്ടമായ ദാരുണ സംഭവം കേരളക്കരയെ ഒന്നാകെ തീരാനോവിലാഴ്ത്തിയിരിക്കുകയാണ് . എല്ലാ മാധ്യമങ്ങളിലൂടെയും മലയാളി കേൾക്കുന്നതും പറയുന്നതും ഒരേയൊരു വിഷയത്തെക്കുറിച്ചു മാത്രം . സ്നേഹിക്കാൻ മാത്രമറിയുന്ന തോട്ടം തൊഴിലാളികളും കാർഷിക വേലചെയ്യുന്നവരുമായ പാവങ്ങൾ കൂടുതലുള്ള മുണ്ടക്കൈയിലെയും ചൂരൽ മലയിലെയും ജനങ്ങളുടെ നൊമ്പരം . രക്ഷാപ്രവർത്തനത്തിൽ കൈമെയ് മറന്ന് പങ്കെടുക്കുന്നവർ ഏറെയാണ് . പോലീസ് , ഫയർഫോഴ്സ് , സൈനികർ , സന്നദ്ധപ്രവർത്തകർ , ആരോഗ്യപ്രവർത്തകർ ,മന്ത്രിമാർ – എല്ലാവരും ദിവസങ്ങളായി അവിശ്രമം ദുരന്തഭൂമിയിൽ പ്രവർത്തിച്ചു വരികയാണ് .ഒരുപാടുപേരെ ദീവിതത്തിലേക്ക് കൈപിടിച്ചു കൊണ്ടു വരാനായി .

അപരന്റെ ദുഃഖം തന്റേതുകൂടിയായി കാണുകയാണ് കേരളത്തിലെ ഓരോരുത്തരും . അനാഥരായ പിഞ്ചു കുഞ്ഞുങ്ങൾക്ക് മുലയൂട്ടാൻ ഓടിയെത്തുന്ന അമ്മമാരും , ആശ്വാസവചനങ്ങളുമായി മോഹൻലാലിനെ പോലെയുള്ള താരങ്ങളും , ഗോപിനാഥ് മുതുകാടിനെപ്പോലുള്ളവരും, നാടിന്റെ നാനാഭാഗത്തു നിന്നും ഭക്ഷണപ്പൊതിയുമായെത്തുന്നവരും - എല്ലാവരും ചേർന്ന് മാനവികതയുടെയും അതിജീവനത്തിന്റെയും കേരളത്തിനു മാത്രം സാധ്യമാകുന്ന പുതിയ പാഠങ്ങൾ രചിക്കുകയാണ് വയനാട്ടിൽ .

ഒലിച്ചുപോയ വിദ്യാലയത്തിന്റെയും , വീടുകളുടെയും സ്ഥാനത്ത് പുതിയവ ഉയർന്നു വരണം . ജീവനോപാധികൾ നഷ്ടമായവർക്ക് പുതുജീവനത്തിന് സാഹചര്യമൊരുക്കണം .പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി ഒരുമയോടെ കൈകോർക്കേണ്ട സമയമാണിത് . വയനാടിന്റെ കണ്ണീരൊപ്പാൻ പരമാവധി സഹായങ്ങൾ ലഭ്യമാക്കുന്നതിൽ സർക്കാരിനൊപ്പം ചേരണം .







വയനാട്ടിലേക്ക് രാമവിലാസത്തിൽ നിന്നും ശേഖരിച്ച അവശ്യവസ്തുക്കളുമായുള്ള വാഹനത്തെ ഹെഡ്മാസ്റ്റർ ശ്രീ പ്രദീപ് കിനാത്തി, ഡി എച്ച് എം ശ്രീമതി എൻ സ്മിത എന്നിവരുടെ നേതൃത്ത്വത്തിൽ യാത്രയാക്കുന്നു .

## കൈത്താങ്ങ്



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തന്റെ സംഭാവന രാമവിലാസം എച്ച് എസ് എസ് ആറാം തരത്തിലെ മുഹമ്മദ് ആയതിൻ അയാൻ ഹെഡ്മാസ്റ്റർ ശ്രീ പ്രദീപ്കിനാത്തി മാസ്റ്ററെ ഏൽപ്പിക്കുന്നു .

തലശ്ശേരിയിലെ മാങ്ങാട്ടിടം പഞ്ചായത്തിൽ ദുരിതം അനുഭവിക്കുന്ന മുന്നൂറോളം കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ എത്തിച്ചു നൽകുന്നതിൽ ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് രാമവിലാസം യൂണിറ്റ് പങ്കാളികളായി .

## രക്ഷാദൗത്യത്തിൽ രാമവിലാസത്തിന്റെ പ്രതിനിധി



വയനാട്ടിലെ ദുരന്തപ്രദേശത്ത് രാമവിലാസം എൻ സി സി ഓഫീസർ ടി പി രാവിദ്മാസ്റ്റർ രക്ഷാപ്രവർത്തനത്തിൽ .

വയനാട്ടിൽ രാമവിലാസം എൻ സി സി ഓഫീസർ ശ്രീ രാവിദ് മാസ്റ്റർ





എൻ സി സി രാമവിലാസം യൂണിറ്റ് വയനാട്ടിലെ ദുരിതബാധിതർക്കായി ശേഖരിച്ച മരുന്നും അവശ്യവസ്തുക്കളും മാനേജർ പ്രതിനിധി ശ്രീ പ്രസീത് കുമാർ ,പ്രിൻസിപ്പാൾ ശ്രീ പ്രശാന്ത് മാസ്റ്റർ എന്നിവരുടെ നേതൃത്ത്വത്തിൽ വൺ കേരള ആർട്ടിലറി കണ്ണൂർബറ്റാലിയന് കൈമാറിയപ്പോൾ



# ആശ്വാസം പകരുന്ന മാനവികമുഖങ്ങൾ



" വെള്ളരിമലയുടെ താഴ്വാരത്തൊരു വിദ്യാലയമുണ്ടേ
പുന്നപ്പുഴയുടെയോരം ചേർന്നൊരു പള്ളിക്കൂടമുണ്ടേ "

- ഒരിക്കൽ പച്ചപാർന്ന മലകളെയും പൊന്നരഞ്ഞാണം തീർത്ത പുഴകളെയും നോക്കി അഭിമാനത്തോടെ പാടിയിരുന്ന ഒരു കൂട്ടം വിദ്യാർഥികളുണ്ടായിരുന്നു .വെള്ളരിമലയിലെ വിദ്യാലയത്തെ നോക്കി ഇപ്പോഴങ്ങനെ പാടാനാവുന്നില്ല . ഉരുൾ തകർത്തെറിഞ്ഞിരിക്കയാണ് അവരുടെ പ്രിയ വിദ്യാലയത്തെയും ഒപ്പം സഹപാഠികളിൽ ചിലരെയും .

പുതുക്കിപ്പണിയണം വിദ്യാലയവും ഒപ്പം അവരുടെ സ്വപ്നങ്ങളും ...

മഴപ്പെയ്ത്തിൽ മലപിളർന്ന് സംഹാരതാണ്ഡവമാടിയ വയനാട്ടിലെ പുഞ്ചിരിമട്ടം, ചൂരൽമല,മുണ്ടക്കൈ ദേശങ്ങളിലേക്ക് നാടൊന്നാകെ സഹായഹസ്തവുമായെത്തിയ രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായി രാമവിലാസം അധ്യാപകൻ രാവിദ് ടി പി .





നടൻ മോഹൻലാൽ ദുരന്തഭൂമിയിൽ

മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ വയനാട്ടിലെ ദുരന്തമേഖലയിൽ സൈനിക വേഷത്തിലെത്തി.അദ്ദേഹം മൂന്നുകോടി രൂപ വിശ്വശാന്തി ഫൗണ്ടേഷൻ വഴി പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വാഗ്ദാനം ചെയ്തു . മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനയ്ക്കു പുറമെയാണിത് .സൈനികർക്ക് മോഹൻലാലിന്റെ വരവ് ഊർജ്ജമായി .



ബാലാവകാശകമ്മീഷൻ ചെയർപേഴ്സൺ ശ്രീ മനോജ് കുമാറും പ്രശസ്ത മാന്ത്രികൻ ശ്രീ ഗോപിനാഥ് മുതുകാട്ടും ദുരിതാശ്വാസ ക്യാമ്പിൽ

വയനാട്ടിൽ ദുരന്തം പെയ്തപ്പോൾ ഉറ്റവരെയും കിടപ്പാടവും നഷ്ടമായവരുടെ തോരാക്കണ്ണീരൊപ്പാൻ ഒറ്റമനസ്സായി കേരളം കൈകോർക്കുകയാണ് . പുനരധിവാസകേന്ദ്രങ്ങളിൽ വസ്ത്രങ്ങളും ആഹാരവും മറ്റവശ്യസാധനങ്ങളും എത്തിക്കാൻ എല്ലാഭാഗത്തുനിന്നും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു . പോലീസ് , ആരോഗ്യപ്രവർത്തകർ എന്നിവർക്കൊപ്പം സന്നദ്ധസംഘടനകളും സജീവമാണ് .

ക്യാമ്പുകളിൽ കഴിയുന്ന വിദ്യാർഥികളടക്കമുള്ളവരുടെ മാനസികാരോഗ്യത്തിനായുള്ള സാന്ത്വനത്തിന് താരങ്ങളുടെയും , സാംസ്കാരികപ്രവർത്തകരുടെയും ,മെഡിക്കൽ സംഘങ്ങളുടെയും സന്ദർശനം ഏറെ പ്രയോജനപ്പെടുന്നുണ്ട് .മാന്ത്രികൻ ഗോപിനാഥ് മുതുകാട്ടും , സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ മനോജ് കുമാറും കഴിഞ്ഞ ദിവസം ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു .

